# പാസ്പോര്ട്ട്ഓഫീസര്മാരുടെ യോഗം  വിദേശകാര്യ മന്ത്രി ഉദ്ഘാടനം ചെയ്തു

ജൂണ്  24, 2014

1. പാസ്പോര്ട്ട് ഓഫീസര്മാരുടെ മൂന്നു ദിവസത്തെ യോഗം ജവഹര്ലാല് നെഹ്റു ഭവനില് വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് ഉദ്ഘാടനം ചെയ്തു . മുപ്പത്തി  ഏഴു ഓഫീസര്മാര് യോഗത്തില് പങ്കെടുക്കുന്നുണ്ട്

2. 1967 പാസ്പോര്ട്ട് ആക്റ്റ് നിലവില് വന്നതിന്റെ  ഭാഗമായി ജൂണ്24 നു പാസ്പോര്ട്ട് സേവ  ദിവസ്  ആയി ആചരിക്കുന്നു . ഈ യോഗം അത് കൊണ്ട് തന്നെ ശ്രദ്ധേയമായി . ഇന്ത്യയില് , പാസ്പോര്ട്ട് വിതരണത്തിനും മറ്റു യാത്രാ രേഖകള്ക്കും നിയമപരമായ അടിത്തറ നല്കിയത് ഈ ആക്ടാണ്

3.  സൗഹൃദം പ്രോത്സാഹിപ്പിക്കുക , സഹ പൌരന്മാരെ കൂടുതല് മികവോടെ സേവിക്കുക എന്ന പ്രതിജ്ഞ പുതുക്കുക എന്നീ കാഴ്ച്ചപ്പാടുകളോടെ രാജ്യത്തെ  മുപ്പത്തിയേഴ് പാസ്പോര്ട്ട് ഓഫീസുകളിലും 77 പാസ്പോര്ട്ട് സേവ കേന്ദ്രങ്ങളിലേക്കും എല്ലാ ഉദ്യോഗസ്ഥര്ക്കും ഉപയോഗിക്കുവാന് ഒരു പാസ്പോര്ട്ട് സേവ ലേപ്പല് മന്ത്രി അനാവരണം ചെയ്തു .

4. ചടങ്ങില് സംസാരിക്കവേ പാസ്പോര്ട്ട് സേവ ദിവസ് ആചരിക്കുക വെറും ആചാരമായിട്ടല്ല കാണേണ്ടത്  എന്നതു മന്ത്രി ഊന്നിപ്പറഞ്ഞു . മറിച്ച്  നമ്മുടെ ശക്തി , നമ്മുടെ കുറവുകള് , നേട്ടങ്ങള്,  ന്യൂനതകള്,  എന്നിവ അറിയാനും വിടവുകള് നികത്തുന്നതിനുള്ള മാര്ഗങ്ങള് അറിയുവാനും വിലയിരുതുവാനുമുള്ള അവസരങ്ങള് ആണ് .

5. പൌര-സൌഹൃദ ഭരണ പരിഷ്കാരങ്ങള്,  ജനങ്ങളില്

വിശ്വാസം പുന:സ്ഥാപിക്കുവാനും ജനങ്ങളുടെ ജീവിതത്തില് പ്രത്യക്ഷ മാറ്റങ്ങള് വരുത്തുവാനും ലക്ഷ്യമാക്കിയുള്ള നയങ്ങള് എന്നിവ കൊണ്ടുവരാനുള്ള ഗവണ്മെന്റിന്റെ നിശ്ചയദാര്ഢ്യം മന്ത്രി പ്രകടിപ്പിച്ചു . സേവ എന്ന വാക്ക് തന്നെ വിനയത്തോടെയുള്ള നിസ്വാര്ത്ഥ സേവനം എന്ന് വിശേഷിപ്പിക്കുമ്പോള് പാസ്പോര്ട്ട് സേവനങ്ങള് നിത്യവുമുള്ള ഔദ്യോഗിക ജോലി മാത്രമായി കണക്കാക്കാതെ ജനങ്ങളോട് ഉപചാരപൂര്വവും സമഷ്ടി സ്നേഹത്തോടെയും പെരുമാറുവാനായി പാസ്പോര്ട്ട് വിതരണ അധികാരികളോട് മന്ത്രി അഭ്യര്ഥിച്ചു . വിതരണത്തില് കാലോചിതമായ, കാര്യക്ഷമമായ ഉത്തരവാദിത്ത പൂര്ണമായ മികച്ച ഭരണനിര്വഹണം ആവശ്യമാണ് എന്ന് മന്ത്രി പറഞ്ഞു . പ്രക്രിയയുടെയും നടപടിക്രമത്തിന്റെയും ലളിതവത്കരണത്തിനും അനാവശ്യമായതു ഒഴിവാക്കുന്നതിനും ആവശ്യമായ എല്ലാ ചിന്തകള്ക്കും വേണ്ടി ബുദ്ധിപരമായ സഹായങ്ങള്ക്ക് ബന്ധപ്പെട്ട എല്ലാവരോടും മന്ത്രി ആവശ്യപ്പെട്ടു

6. സംവിധാനങ്ങളില് പരിരിഷ്കാരം വരുത്തുവാനുള്ള സെന്ട്രല് പാസ്പോര്ട്ട് ഓര്ഗനൈസേഷന് (സിപിഒ ) പ്രവര്ത്തനങ്ങളില് മന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു. അതോടൊപ്പം കൂടുതല് മികച്ചതാക്കുവാനായി സാ ധിക്കുമെന്നും മന്ത്രി പറഞ്ഞു . നിരയിലെ അവസാനം നില്ക്കുന്ന ആളുടെ - സാധാരണക്കാരന്റെ ക്ഷേമത്തിനും ആവശ്യങ്ങള് ഊന്നല് കൊടുത്തുള്ള പരിഷ്കാരങ്ങള്ക്കു പ്രാധാന്യം കൊടുക്കണം . അതിലുപരി വിവരങ്ങളുടെ ഈ കാലഘട്ടത്തില് ഏറ്റവും ആവശ്യമാണ് പാസ്പോര്ട്ട് അപേക്ഷ നല്കിയവര്ക്ക് ആകാംക്ഷ ഉണ്ടാക്കാതെ അവരുടെ അവസ്ഥ എന്ത് എന്ന് അറിയിക്കുക എന്നത്.

പാസ്പോര്ട്ട് സേവയുടെ മുദ്രാവാക്യം തന്നെ വേഗതയും കാര്യക്ഷമതയും ആണ് .

7. പൌരന്മാര്ക്ക് മികച്ച സേവനങ്ങള് നല്കിയതിനു മികച്ച സേവനം ചെയ്യുന്ന ഉദ്യോഗസ്ഥര്ക്കും , മികച്ച സേവനം ചെയ്യുന്ന പാസ്പോര്ട്ട് ഓഫീസിനുമുള്ള പാസ്പോര്ട്ട് പുരസ്കാരങ്ങള്, ചടങ്ങില് വിതരണം ചെയ്തു. പോലീസ് വെരിഫിക്കേഷന്, പാസ്പോര്ട്ട് നല്കുന്നതിലെ പ്രധാന ഘടകം ആണ് . അതിനാല് ഡെല്ഹി , ഹരിയാന , ആന്ധ്ര പ്രദേശ് , തെലങ്കാന എന്നിവിടങ്ങളിലെ പോലീസ് വകുപ്പിന് വേഗത്തില് പൊലീസ് വെരിഫിക്കേഷന് നടപ്പാക്കുന്നതിനുള്ള പുരസ്ക്കാരങ്ങളും നല്കി

8. പാസ്പോര്ട്ട് സേവക്കു മൊത്തമായി മാറ്റങ്ങളുരുത്താവുന്ന പാസ്പോര്ട്ട് സേവപദ്ധതിയുടെ രൂപരേഖ അത് താഴെ ഉള്പ്പെടുന്ന വിവരങ്ങള് അടക്കം വിദേശകാര്യ സെക്രട്ടറി ശ്രീമതി സുജാതാ സിംഗ് അറിയിച്ചു :

* രാജ്യമെമ്പാടുമായി , മുപ്പത്തിയേഴ് പാസ്പോര്ട്ട് ഓഫീസുകളുടെ നീട്ടപ്പെട്ട സഹായ ഹസ്തം പോലെ പ്രവര്ത്തിക്കുന്ന 77 പാസ്പോര്ട്ട് സേവ കേന്ദ്രങ്ങള് പിഎസ്കെ )
* പൌരന്മാരെ സഹായിക്കുന്നതിനായി കൂടുതലുള്ള പ്രവര്ത്തനസമയം
* 24*7 നാഷണല് കോള് സെന്ററ് സഹായം , പതിനേഴു ഭാഷകളില്
* അപേക്ഷകര് പി എസ്കെകള് കൂടുതല് തവണ സന്ദര്ശിക്കുന്നത് ഒഴിവാക്കുന്നത്തിനും സമയം കളയുന്നതു കുറക്കുന്നതിനുമായി അപേക്ഷകള് അപേക്ഷ പ്രക്രിയ എന്നിവ മൊത്തമായും ഡിജിറ്റല് ആക്കുക
* കൂടുതല് സുരക്ഷിതമായ ചുറ്റുപാടുകളിലായി ബയോമെട്രിക് വിവരങ്ങള്, ഫോട്ടോകള് എന്നിവ എടുക്കുക
* അപേക്ഷകന് മുന്നില് വെച്ച് തന്നെ തീരുമാനം

അറിയിക്കുന്നതിലെ വലിയ സുതാര്യത
* അപേക്ഷകളിലുള്ള  തങ്ങളുടെ അവസ്ഥയെ കുറിച്ച് ധാരണയോടെ പൌരന്മാര്ക്ക് പിഎസ്കെകളില് നിന്ന് പോകാന് സാധിക്കുക
* ഓണ് ലൈനില് യഥാര്ത്ഥ സമയത്ത് വിവരങ്ങള് ലഭ്യമാക്കലില് കൂടി പ്രവര്ത്തനം നിരീക്ഷിക്കുന്നതിനും തീരുമാനങ്ങളെടുക്കുന്നതും എളുപ്പമാക്കും
9. 1.7 കോടിയില്അധികം  പാസ്പോര്ട്ട് സേവനങ്ങള് പുതിയ സംവിധാനത്തില് ചെയ്തു കഴിഞ്ഞു. പാസ്പോര്ട്ട് വിതരണം , വിശ്വാസ്യതയില് ശ്രദ്ധിക്കുക , വേഗത , സുരക്ഷ , സുതാര്യത എന്നിവയുടെ മൊത്തം  ഇടപാടുകള് മെച്ചപ്പെടുത്തുക എന്നതിനു വേണ്ടി ആലോചനാപൂര്വ്വം  ആണ് യോഗം ജൂണ്  23 - 25 , 2014 വരെ സംഘടിപ്പിച്ചിരിക്കുന്നത്.  പാസ്പോര്ട്ട് വിതരണ അധികാരികളുടെ കാര്യക്ഷമതയും ഫലക്ഷമതയും മെച്ചപ്പെടുത്തുക എന്നതിനെ ലക്ഷ്യമാക്കിയുള്ള ഒരു പ്രചോദന പരിപാടിയോടെ ആകും യോഗം അവസാനിക്കുക .